# പ്രതലം (planes) – SUNIL KUMAR K.V.

*നിൻെറ മാലയിലെ മുത്തുകൾ താഴെ വീണു ചിതറിയപ്പോൾ പുറത്തു പെയ്യുകൊണ്ടിരുന്ന മഴ ചെരിഞ്ഞു വീഴാൻ തുടങ്ങി എന്നു നീ പറഞ്ഞതിൻെറ അർത്ഥമെന്ത്?*

വിശദീകരണമോ നിനക്കു വേണ്ടത്?
അതോ നീ വാദിയ്ക്കാൻ തുടങ്ങുകയോ?
അതെൻെറ illusion ആണെന്നു നീ സ്ഥാപിയ്ക്കാനൊരുങ്ങുകയാണെങ്കിൽ, മഴ തന്നെ ഒരു illusion ആണെന്ന് എനിയ്ക്കു പ്രഖ്യാപിയ്ക്കേണ്ടി വരും!
എൻെറ കണ്ടുപിടിത്തങ്ങൾ തകർക്കാനോ നീ എനിയ്ക്കു സുഹൃത്തായിരിയ്ക്കുന്നത്?

*നോക്കൂ! ഞാൻ പറഞ്ഞുവന്നത് നിൻെറ magic mirror complexനെക്കുറിച്ചാണ്. പക്ഷേ, ഇത്രയേറെ ചോദ്യചിഹ്നങ്ങളോ ആശ്ചര്യചിഹ്നങ്ങളോ ഇല്ലാതെ നമുക്ക് സംഭാഷണം തുടരാൻ സാധിയ്ക്കാതെ വരുന്നത് എന്തു ഗതികേടാണ്!*

ശരി, വിഷയം മാറ്റാൻ നീ ഉദ്ദേശിയ്ക്കുന്നെങ്കിൽ ഈ ലൈറ്റ് എനിയ്ക്ക് off ചെയ്യേണ്ടി വരും!

*ഓ എൻെറ സ്നോവൈറ്റ്!*
*നിനക്കൊരിയ്ക്കലും ഒരു നടിയല്ലാതെ, കാണിയാവാൻ കഴിയില്ലെന്നു വരുമോ?*

എനിയ്ക്കു തോന്നുന്നു, നീയെന്നെ വിളിയ്ക്കേണ്ടിയിരുന്നത് ഡെസ്ഡിമോണ എന്നായിരുന്നു എന്ന്!

*നിർത്തൂ, പ്രതികരണങ്ങൾ ഇങ്ങനെ right-angled ആവാൻ തുടങ്ങിയാൽ സൗഹൃദം അസാദ്ധ്യമാവും. അൽപം obtuse ആയി – I mean mathematics – സംസാരിയ്ക്കാൻ ഒരു ഗണിതാദ്ധ്യാപകൻ ആവണമെന്നില്ല*



sunilvenu@gmail.com

# Planes

dialogues

What you meant by saying that the rain began to fall slanted while the beads from your broken chain scattered along the floor?

You need explanation? Or you're arguing?
if you're gonna prove it's just my illusion, then I'll declare even this rain is an illusion!
Are you here as my friend to rule out my discoveries?

My! I was mentioning about your magic mirror complex. But it's a pity we can't go on without so much question marks and exclamation symbols!

Ok, If you're onto change the topic, then I'll have to switch off this light.

O, my Snow White!
You'll never change from a performer to a spectator!

I feel you'd better call me Desdemona!

Please stop. If reactions tend to fall at right-angle like this, friendship would be at risk.

To talk a little obtuse - I mean mathematics - it's not necessary to be a mathematics teacher.

സോറി, ഞാൻ വല്ലാതെ self-centered ആയിപ്പോകുന്നുവെങ്കിൽ.
എനിയ്ക്കിപ്പോൾ മുകുന്ദനുണ്ണിയുടെ കഥ ഓർമ വരുന്നു – “ഈ അർദ്ധരാത്രിയിൽ വീണ വായിയ്ക്കുന്നതാരാണ്?”

*രാമനുണ്ണിയെയാണോ നീ ഉദ്ദേശിയ്ക്കുന്നത്?*

അല്ല, രാമനുണ്ണിയ്ക്ക് അങ്ങനെയൊരു title ചെയ്യാനാവില്ല.
തന്നെയല്ല, വെറും സംഭാഷണങ്ങൾക്ക് കഥയെന്നു ലേബൽ കൊടുക്കാനും അയാൾക്കു കഴിയില്ല

*അതെ, വെറും സംഭാഷണങ്ങൾക്ക് കഥയാവാൻ സാധിയ്ക്കില്ല. കഥ ഒരു പ്രതലമാണ്. അവിടെ സംഭാഷണങ്ങളുടെ നിഴലുകൾ വീണു കൊണ്ടിരിയ്ക്കുന്നു. സംഭാഷണങ്ങളാകട്ടെ, പരസ്പരം സംഗമിയ്ക്കുകയോ സംഗമിയ്ക്കാതിരിയ്ക്കുകയോ ചെയ്യുന്ന രേഖകളും. നിഴലുകൾ എവിടെ പതിയ്ക്കുന്നുവെന്നത് വീക്ഷണകോണിനെ ആശ്രയി...*

നിർത്തൂ നിന്റെ reductionism. നിന്റെ നിരീക്ഷണങ്ങളെ വിഡ്ഢിത്തങ്ങളെന്നു വിളിയ്ക്കാതിരിയ്ക്കാൻ എന്തു ന്യായീകരണമാണ് ഹാജരാക്കാനുള്ളത്?
ഞാൻ ഈ ലൈറ്റ്...

*വേണ്ടാ, ഞാൻ നിന്നോടു സംസാരിയ്ക്കുകയായിരുന്നില്ല. രാവേറെച്ചെന്നിരിയ്ക്കുന്നു. എനിയ്ക്കു പോകണം*

നീ എവിടെയും പോകലുണ്ടാവില്ല. അരമണിയ്ക്കൂർ കഴിഞ്ഞ് വീണ്ടും എന്റെ വാതിലിൽ തട്ടില്ലെന്ന് ഉറപ്പു തരാമോ?

*ഇടയ്ക്കിങ്ങനെ നീ മുതിർന്നവരെ പോലെ സംസാരിയ്ക്കുമ്പോൾ എനിയ്ക്കു മൊഴിമുട്ടുന്നു*

കുറച്ചു മുൻപെ നീ ചോദിച്ച ചോദ്യം ഇപ്പോൾ നിന്റെ മുൻപിലാണ് – കാണിയാവാൻ അസഹിഷ്ണുത കൂടുതൽ ആർക്കാണ്?
– sorry, വീണ്ടും right-angled ആയെങ്കിൽ

Sorry, if I become too self-centered.
Now I remember one short story by Mukundan Unni, named "Ee arddharaathriyil veena vaayickunnathaaraanu?"

You mean Raman Unni?

No, he can't do such a title.
More to it, he can't call it a story where it's nothing but some dialogues.

Yes, dialogues alone can't form a story. Story is a plane. There falls the shadow of dialogues. And dialogues, they are the lines which do intersect each other or not. Where do the shadows falls depend on the angle of view.

Stop your reductionism.
Do you have any justification to save your observations from being labelled as stupidity?
I'll switch off this...

Hold it, I was not talking to you. It's too late. Got to go.

You're going nowhere.
Any guarantee you'll not knock on my door before half an hour?

I've no say while you behave like elders sometimes.

The question you've just asked is now looking at you.
-who's more unwilling to become the spectator?
-Sorry, if right-angled again.

വേണ്ട, ഒരു പക്ഷേ, അതു സുഹൃത്തുക്കളുടെ സ്വാതന്ത്ര്യമാണ്.
പിന്നെ, മേൽക്കൈ നഷ്ടപ്പെടുമ്പോൾ നടൻെറയും കാണിയുടെയും പ്രശ്നം ഒന്നുതന്നെയാണ്

എനിയ്ക്കു തോന്നുന്നത്, നിൻെറയീ അപകർഷതാബോധം നിന്നെ ഒരിയ്ക്കലും ഒഴിഞ്ഞുപോവുകയില്ലെന്നാണ്

സമ്മതിയ്ക്കുന്നു, പക്ഷേ നിനക്ക് അംഗീകരിയ്ക്കാനാവുമോ അപകർഷതാബോധമാണ് ഏറ്റവും സത്യസന്ധമായ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത് എന്ന്?

നിൻെറ ഇത്തരം ഒറ്റക്കണ്ണൻ ആശയങ്ങൾ statement കളാക്കുക. അപ്പോൾ എനിയ്ക്കത് അവഗണിയ്ക്കാനാവും. മറിച്ച്, ചോദ്യചിഹ്നങ്ങൾ എന്നെ ചിന്തിയ്ക്കാൻ പ്രേരിപ്പിയ്ക്കുന്നു

ആഹാ! പെണ്ണിന് ചിന്തിയ്ക്കാനല്ല, ഓർമ്മിയ്ക്കാനും സങ്കൽപിയ്ക്കാനുമാണ് പ്രിയം എന്നു കേട്ടത് എത്ര ശരി.
പക്ഷേ 'science'-ൽ വന്ന ഒരു article-ൽ സ്ഥാപിച്ചിരുന്നു, പുരുഷനെ അപേക്ഷിച്ച് സ്ത്രീയിൽ ചിന്ത പ്രവൃത്തിയെ overrule ചെയ്യുന്നില്ലെന്ന്

സത്യത്തിൽ, സങ്കൽപവും ചിന്തയും തമ്മിൽ ക്രിയാപരമായി എന്താണിത്ര വ്യത്യാസം?
നിൻെറ ഭാഷയിൽ പറഞ്ഞാൽ ചിന്ത unknown variables-നെ കൊണ്ടും സങ്കൽപം known variables-നെ കൊണ്ടും ക്രിയ നടത്തുന്നു. അതുകൊണ്ട് ചിന്ത ആശയങ്ങളായും സങ്കൽപം illusions ആയും പരിണമിയ്ക്കുന്നു.

എൻെറ ഗണിതം നീ എത്ര വിദഗ്ധമായി മോഷ്ടിച്ചെടുത്തിരിയ്ക്കുന്നു!
ഇടയ്ക്കൊരിയ്ക്കലെങ്കിലും ചിന്തകൾ ഇങ്ങനെ കൂട്ടിമുട്ടുന്നതുകൊണ്ടാണോ, അതോ ചിന്തകളെ നോക്കി നിഷ്കളങ്കം പരിഹസിയ്ക്കാൻ കഴിയുന്നതുകൊണ്ടാണോ നമ്മൾ രണ്ടു ശീതരക്തജീവികൾക്ക് ഇങ്ങനെ ഒരുമിയ്ക്കാൻ കഴിയുന്നത്?

No, in a way, it's the freedom of friends.
After all, spectator or performer, both are at the same place once they lose the upperhand.

I feel your inferiority complex will never leave you.

Agreed. But do you know that inferiority complexes mould the most sincere sincere personalities?

Make statements out of your such squint-eyed ideas so that I could easily ignore 'em.
But question marks tempt me to think of.

Ah! He's so correct who said women prefers imagining or recalling more to thinking!
But an article in SCIENCE stated that, comparing to men, thinking doesn't overrule physical activity in women.

In a sense, what's the practical difference between thought and imagination?

In your language, THOUGHT is using unknown variables while IMAGINATION is using known variables to work out. Hence thoughts transform into ideas and imaginations into illusions.

You stole my mathematics so brilliantly!

At times our lines of thought meet together. Perhaps that's why two cold-blooded living beings like us succeed in uniting. Or is it because both of us have the ability to laugh at our thoughts innocently?

എന്റെ കുട്ടീ, നിനക്കിതുവരെ സ്വയം ന്യായീകരിയ്ക്കാൻ കഴിഞ്ഞില്ലെന്നുണ്ടോ?

അറിയ്യോ, ജീവികളിൽ, ആണും പെണ്ണുമെന്ന ഒരേയൊരു സത്യം മാത്രമേയുള്ളൂ. ഈ നാണക്കേട് ഒളിച്ചുവയ്ക്കാൻ വേണ്ടിയാണ് ചിന്തകനായ പ്ലേറ്റോ തന്റെ platonic love എന്ന ആശയം രൂപപ്പെടുത്തിയെടുത്തത്. തീർത്തും നിരാകരിയ്ക്കപ്പെടുമ്പോഴും ആ ഒറ്റ കാരണം കൊണ്ടുതന്നെ സെക്സ് അതിന്റെ സാന്നിധ്യം ഉറക്കെ വിളിച്ചോതുന്നു.

*ഹാ! സത്യം പറയുമ്പോൾ നാമെത്ര ചെറുതായിപ്പോകുന്നു! സങ്കൽപിച്ചുനോക്കൂ, ചിന്തകളുടെ trajectory രേഖപ്പെടുത്തുന്നതിൽ ആരെങ്കിലും വിജയിയ്ക്കുകയാണെങ്കിൽ മനുഷ്യൻ എത്ര പരിഹാസ്യനായേക്കുമെന്നത്*

നീ വല്ലാതെ practical ആയിപ്പോകുന്നു. മടങ്ങിവരൂ.
പുഴകളെയും നക്ഷത്രങ്ങളെയും സ്വപ്നങ്ങളെയും ഒക്കെ കുറിച്ചു സംസാരിച്ചു കൂടേ നിനക്ക്?

*പുഴയെ പറ്റി നീ എന്താണ് ധരിച്ചുവച്ചിരിയ്ക്കുന്നത്?*
*ഹെർമന്റെ സിദ്ധാർത്ഥൻ പ്രായോഗികതയുടെ ഉത്തരം കണ്ടെത്തിയത് പുഴയിൽ നിന്നാണ്. അവിടെയാണ് അയാൾക്ക് നില കിട്ടിയത്.*
*ഞാൻ ചിന്തിച്ചു നോക്കിയിട്ടുണ്ട്, അയാളുടെ ബോധധാരയിൽ ഒരു വേനലിന്റെ ഓർമ മിന്നിമറഞ്ഞിരുന്നുവെങ്കിൽ ആ ഉദാഹരണം എങ്ങനെ മാറിയേനേ!*
*ഒരു തരത്തിൽ, ഉദാഹരണങ്ങൾ നമുക്കൊരു കച്ചിത്തുരുമ്പു മാത്രമാണ്. വെള്ളം കയറിത്തുടങ്ങിയ ആദർശങ്ങളിൽ നിന്ന്, ചോർച്ചയില്ലാത്തതെന്നു തോന്നിപ്പിയ്ക്കുന്ന മറ്റൊന്നിലേയ്ക്കു പിടിച്ചുകയറാൻ കരുവാക്കുന്ന ഒരു വെറും കച്ചിത്തുരുമ്പ്*

ഹെസ്സെ ഒളിച്ചുവച്ച ആക്ഷേപ ഹാസ്യം നിനക്കു മനസ്സിലായില്ലെന്നുണ്ടോ അതോ?
പ്ലീസ്, നിനക്കു വിഷയം തന്നപ്പോൾ ഞാനാഗ്രഹിച്ചത് നീ പ്രണയത്തെപ്പറ്റി സംസാരിച്ചുതുടങ്ങുമെന്നായിരുന്നു.
Philosophy, as I reckon it, is a by-product of pessimism

My dear child, you're still struggling to justify yourself?

You know, there's only one truth about living beings, that's male and female. It's to hide this 'shame' that Plato defined his PLATONIC LOVE.

Even when you try to rule it out, SEX proudly declares its presence just because of the very reason.

Ha! How small we become while telling truth! Just imagine; How could we face each other if someone succeed in recording the trajectory of our thoughts!

You become too practical. Come back.

Can't you speak of rivers and stars or dreams or something?

What you think of river?
That's where Herman's Siddhartha found the answer for practical life.
That's where he settled after a lifelong journey.

Sometimes I think, what could have happened to that example, if he had a vision of draught at least for a fraction of a second!

In a sense, examples are just helping hands. Letting us to get onto an alternate ideology which looks safer than the one which has already started sinking.

Is it that you failed to find out the satire hidden by Hesse? Or?

Please, when I gave you the subject, I sincerely wished you'd speak of love.
Philosophy, as I reckon it, is a by-product of pessimism.

പ്രണയം:-
ഞാനതെപ്പറ്റി സംസാരിയ്ക്കാത്തത്, അതും പൊള്ളയായിപ്പോവുമോ എന്ന പേടി കൊണ്ടാണ്.
ചർച്ച ചെയ്യുന്നതെല്ലാം പൊള്ളയായി അരികുകളിലേയ്ക്കൊതുങ്ങിപ്പോകുന്നു. - balloon-ലെ മർദ്ദം അതിന്റെ ഉള്ളരികുകളിലെന്ന പോലെ.

Pessimism-ത്തിലേയ്ക്കു വീഴാതെ എന്നെ താങ്ങി നിർത്തുന്നത് എന്റെ സഹസ്രമുഖിയായ പ്രണയം ഒന്നു മാത്രമാണ്.
പിന്നെ, പുഴകളിലും നക്ഷത്രങ്ങളിലുമൊക്കെ പ്രണയമുണ്ടെന്നു നിന്നെ തെറ്റിദ്ധരിപ്പിച്ചതാര്?
അവയെല്ലാം നിന്റെ പ്രണയസങ്കൽപങ്ങളുടെ തൊലിയുരിച്ചുകാട്ടി നിന്നെ പരിഹസിയ്ക്കുകയല്ലേ ചെയ്യുന്നത്?

നിന്റെ കാക്കച്ചെരിനോട്ടം നീയെന്തിനു മറ്റുള്ളവരിൽ അടിച്ചേൽപിയ്ക്കുന്നു?
ഹൃദയം പ്രണയിക്കാനുള്ള അവയവമല്ല എന്നു പറഞ്ഞ കമ്പ്യൂട്ടർ സാഹിത്യകാരന്റെയൊപ്പമോ നീയും?
'എന്റെ കുപ്പായത്തിന്റെ മൂന്നാമത്തെ കുടുക്കിനു പിന്നിലെ പിടച്ചിലിന്റെ പേരാണു പ്രേമം' എന്ന പ്രഖ്യാപനം എന്റെ ആമാശയത്തിലിപ്പൊഴും - leave the brain - ദഹിയ്ക്കാതെ കിടക്കുന്നു.

ദുരൂഹതയെ ആക്ഷേപിയ്ക്കരുത്. അന്ത്യവിശകലനത്തിനു ശേഷവും അൽപം സത്യം ബാക്കിയാവാൻ വേണ്ടിയാണ് എഴുത്തുകാരൻ അവന്റെ പ്രഖ്യാപനങ്ങളിൽ നേരിയ ദുരൂഹത കലർത്തുന്നത്. അതില്ലെങ്കിൽ സാഹിത്യത്തിൽ വായനക്കാരന്റെ പങ്കെന്ത്?

നിന്റെ നീതിശാസ്ത്രത്തിലും ഗൗതലജാറയിലും ഞാൻ ഇടപെടുന്നില്ല. പക്ഷേ, പ്രതിഷ്ഠിത സിംബലുകളെ തള്ളിപ്പറയുന്നവൻ പ്രതിസമൂഹത്തിലാണ് നിൽക്കുന്നതെന്നു മറക്കാതിരിയ്ക്കുക.

പ്രതികരണങ്ങൾ ഇങ്ങനെ 180 ഡിഗ്രിയിലാവുന്നത് വാർദ്ധക്യത്തിന്റെ ലക്ഷണമാണ്. ദയവായി വിഷയം മാറ്റൂ.

എങ്കിൽ, പറയൂ എന്റെ ഗണിതകാരാ, സങ്കൽപത്തിൽ നിന്ന് യാഥാർത്ഥ്യത്തിലേയ്ക്കു വരയ്ക്കുന്ന നേർവരയ്ക്ക് സ്വപ്നത്തിൽ നിന്ന് എത്രയകലം?

Love:-
I'm not speaking about it just because I'm afraid it too would become hollow. Anything discussed becomes hollow and sticks to their inner skins. - Like the pressure inside a balloon.

The only one thing which holds me from falling into pessimism is the multi-faced love in me.

Then who made you feel that love is there in rivers and stars? Aren't those things actually laughing at you, peeling off the skin of your love concepts?

Why do you impose your cockeyed visions on others?
Are you in line with that computer poet, who said heart is not the organ for love?

His declaration, that, 'love is the name of the unrest behind the third button of my coat' is still undigested in my stomach - leave the brain.

Don't abuse the reticence in poetry. Writers mix a bit silence in their declarations so that some truth should be spared even after the final assessment. Otherwise, what's the part of reader in literature?

I'm not interfering with your judiciary. But don't forget that one who doesn't accept established symbols, will find his place in anti-society.

Reactions falling at 180 degree indicates old age. Kindly change topic.

Then, my dear mathematician, tell me what is the distance from dream to the straight line drawn from fantasy to reality?

*ചോദ്യം ഒരു ഗണിതകാരനു നേർക്കാണെങ്കിൽ* sorry. *കാരണം, ഇവ മൂന്നും ബിന്ദുക്കളാണെന്നു കരുതിയാലേ ഗണിതത്തിന് അങ്ങനെയൊരു ചോദ്യം സ്വീകരിയ്ക്കാനാവുകയുള്ളു.*
*മറിച്ച് അവ വ്യത്യസ്തങ്ങളായ മൂന്നു തലങ്ങളാണ്. ആ തലങ്ങളുടെ* ordinates *കണ്ടുപിടിയ്ക്കാതെ, അങ്ങനെയൊരു രേഖ പ്രതീക്ഷിയ്ക്കുക മാത്രമല്ലാതെ രൂപം ചെയ്യാനാവില്ല.*

നീ ഒഴിഞ്ഞുമാറുകയാണെന്ന് ഞാൻ പറഞ്ഞാൽ,

*ക്ഷമിയ്ക്കുക, എൻെറ മറുപടി എന്നെയും നിരാശപ്പെടുത്തുകയാണുണ്ടായത്. കാരണം,* arbitrary*കൾ ഉപയോഗിച്ച് ഞാനും അങ്ങനെയൊരു പാലം വിഭാവനം ചെയ്യുനോക്കുകയായിരുന്നു.*

പക്ഷേ, അങ്ങനെയൊന്നുണ്ടെന്ന് നീ സമ്മതിച്ചേ തീരൂ. അല്ലാതെ നിനക്ക് ബിജുവിനെ മനസ്സിലാക്കാനാവില്ല. പാവം, അവനിപ്പൊഴും ആ പാലത്തിൽ നിന്നു പുറത്തുവരാനാവാതെ കുഴങ്ങുകയാണ്. അവനെ രക്ഷിയ്ക്കണമെങ്കിൽ എനിയ്ക്കതു കണ്ടുപിടിച്ചേ തീരൂ.

*ഒരു പക്ഷേ, ഒരു നല്ല* psycho therapist-*ന് അതു കഴിഞ്ഞെന്നു വന്നുകൂടേ?*

എനിയ്ക്കു വിശ്വാസമില്ല. ഒരു സൈക്യാട്രിസ്റ്റിൻെറ കണ്ണിൽ ചിത്തഭ്രമത്തിന് ഒരേ മുഖമേയുള്ളു. അവർ കാര്യങ്ങളെ തീരെ ഭൗതികമായി മാത്രം കാണാൻ ശീലിയ്ക്കുന്നു.

*അവനെ വീണ്ടും ആ നരകത്തിലേയ്ക്കയയ്ക്കണമെന്ന് ഞാൻ പറയുകയില്ല. എന്നെ വിഷമിപ്പിയ്ക്കുന്നത്, അവനുമായി ഒന്നും* communicate *ചെയ്യാൻ പറ്റുന്നില്ലല്ലോ എന്ന നിരാശയാണ്. മാനസിക വിഭ്രമത്തിൽനിന്നു സാധാരണജീവിതത്തിലേയ്ക്ക് തിരിച്ചെത്തുന്നവർക്കുപോലും അവരുടെ പഴയ* communication codes *പൂർണമായും നഷ്ടപ്പെട്ടുപോകുന്നില്ലെന്ന അറിവ് എനിയ്ക്ക് അസ്വസ്ഥതയാകുന്നു.*

Sorry, if the question is aimed at a mathematician.
He could accept such a question only if these three are taken as points. In fact, these are no points but different planes. He can't draw, but can only expect such a line before tracing the ordinates of those planes.

If I say you're slippin' away?

Pardon me. My answer disappointed me too. Because I was also visualizing such a bridge using arbitraries.

Still you've to admit one exists. Otherwise you won't be able to understand John. Poor soul, he's still striving to come out of that bridge. I must find it to rescue him.

Perhaps, a good psycho-therapist could do it.

Don't think so.
Mental disorders have only one face in a psychiatrist's eye.
They get used to approach things too materialistically.

I won't say he should be sent back to that hell.
I'm desperate because I find no ways to communicate with him.
It worries me that, even after returning to a normal life, these poor souls still don't completely lose their newly gained communication codes.

അസ്വസ്ഥത പക്ഷേ, നിന്റെ സിഗരറ്റിന് excuse ആവാൻ ഞാനനുവദിയ്ക്കുമെന്നു കരുതണ്ട. ഞാൻ നിന്നെ പുറത്താക്കി വാതിലടയ്ക്കുന്നതിനു മുൻപ് കളയൂ അത്. വാസ്തവത്തിൽ എന്തിനാണു നീയിങ്ങനെ വലിയ്ക്കുന്നത്?

ആനന്ദിന്റെ ഒരു കഥാപാത്രം പറയുന്നുണ്ട്, പുകവലിയ്ക്കാതിരിയ്ക്കുക എന്ന temptation-നെ ചെറുക്കുന്നതിലുള്ള ആനന്ദം കിട്ടാൻ വേണ്ടിയാണ് അയാൾ പുകവലി പുനരാരംഭിച്ചതെന്ന്. ന്യായീകരണങ്ങൾ എന്തുതന്നെയായിരുന്നാലും പുകവലിച്ചുതുടങ്ങുന്നവർക്ക് അതു പലപ്പോഴും അവരുടെ ഓരോ പ്രവൃത്തിയുടെ താക്കോൽ ആയിത്തീരുന്നു. കൃത്യമായി പറഞ്ഞാൽ, ചിന്തയുടെയോ പ്രവൃത്തിയുടെയോ ആസൂത്രിതമല്ലാത്ത ചുവടുമാറ്റത്തിന്റെ ഒരു access code.

തനിയ്ക്കിഷ്ടമുള്ളവരെ പ്രധാന ഉദ്യോഗങ്ങളിൽ നിയമിയ്ക്കുന്ന സ്വേച്ഛാധിപതി, അല്ലേ?
നിന്റെ jargon-കൾ എന്നെ ചിരിപ്പിയ്ക്കാതിരിയ്ക്കട്ടെ. പക്ഷേ, കത്തിച്ച ഓരോ സിഗരറ്റും മുഴുവൻ വലിയ്ക്കുക എന്നതിന് theory of maximum utilisation-നേക്കാൾ കൃത്യമായ വിശദീകരണമുണ്ടാവുമെന്ന് തോന്നുന്നില്ല.

പുകവലിയോടുള്ള സ്ത്രീകളുടെ അസഹിഷ്ണുതയുടെ യഥാർത്ഥ കാരണം, നമ്മുടെ സദാചാരം അവർക്കതനുവദിച്ചുകൊടുത്തിട്ടില്ലെന്നതാണ്. ലോകം പുരുഷന്റേതാണ് എന്ന് അംഗീകരിച്ചുകൊടുത്തിരുന്ന നാളിൽ സ്ത്രീകൾ പുകവലിയോട് ഇത്ര അസഹിഷ്ണുത കാണിച്ചിരുന്നില്ല.

‘അംഗീകരിച്ചിരുന്ന’ എന്ന സ്ഥാനത്ത് ‘വിശ്വസിച്ചിരുന്ന’ എന്നു ചേർക്കാൻ നിനക്കെന്തേ ഇത്ര മടി?

ചോദ്യചിഹ്നങ്ങളിടുന്നതിനുമുൻപ് സ്വയം ഉത്തരം കണ്ടെത്താൻ ശ്രമിയ്ക്കൂ. ഒരു patriarchal സമൂഹത്തിൽ ജീവിച്ചുകൊണ്ട് നിങ്ങൾക്കതിനെ സ്ത്രീകളുടേതാക്കി മാറ്റുവാൻ കഴിയുമെന്ന് വ്യാമോഹിയ്ക്കരുത്. societyയ്ക്കുള്ളിൽ anti-societyയ്ക്കു നിലനിൽപില്ല. കഴിയുമെങ്കിൽ എല്ലാം തട്ടിമറിച്ചിട്ട് ഒന്ന് എന്നു തുടങ്ങുക.

Don't think I'll let your worry to become an excuse for your cigarette. Throw it away before I'll throw you out.
Actually, why do you smoke this much?

One of the characters says in Anand's novel, that he restarted smoking to enjoy in resisting the temptation to quit smoking!

Whatever be the justifications, smokers find smoking sometimes becomes a key to some activities in them. To say correctly, an access code for an unplanned diversion of thought or activity.

An autocrat who appoints his dear men in key posts. Eh?
Don't let your jargons make me laugh.
But, to use every lighted cigarette to its end has no clearer explanation than the theory of maximum utilization, I hope.

The real reason why women don't tolerate smoking is just that our morale doesn't allow them to do it. They were not so annoyed in the days when the world was recognized as a man's world.

Why you hesitate to replace 'recognized' by 'believed'?

Try to find out the answer yourself before leaving question marks. Still living in a patriarchal society, how you could daydream about transforming it?
Anti-society has no existence inside society. Try to demolish it and start from zero if you could.

ഗോൾ!!! പക്ഷേ കഷ്ടം, പോസ്റ്റിലാരും ഉണ്ടായിരുന്നില്ല. ഇങ്ങനെ വാചാലനായി ഗോളടിച്ചുതുടങ്ങുമ്പോൾ നീ വെറും കവലപ്രസംഗകനായിപ്പോവുന്നു. ചിന്തകളുമായി സന്ധിയാവാൻ പറ്റാതെ വരുമ്പോഴാണ് ഒരുവൻ സംസാരിയ്ക്കാൻ തുടങ്ങുന്നതെന്നു പറഞ്ഞ Gibran- നെ ഞാൻ തിരുത്തുന്നു. കൂടുതൽ ശരിയായി പറഞ്ഞാൽ, സംസാരിയ്ക്കാൻ തുടങ്ങുമ്പോഴാണ് ചിന്തകൾ കൊല്ലപ്പെടുന്നത്.

*സംസാരിയ്ക്കാൻ വേണ്ടിയല്ല, ഞാൻ നിന്നെത്തേടിയെത്തുന്നത്. സത്യത്തിൽ, പാതിമുറിഞ്ഞ എന്റെ ഓർമകളെയന്വേഷിച്ചാണ് ഞാൻ ഓരോ തവണയും നിന്റെ താവളത്തിൽ മടങ്ങിയെത്തുന്നത്.*

മനസ്സിലായില്ല.

*എന്റെ ഓർമകളെയും ചിന്തകളെയും നീ എപ്പോഴും പാതിയിൽ മുറിയ്ക്കുന്നു. അവയെ എനിയ്ക്കു മടക്കിക്കിട്ടുന്നത്, ഇവിടെ ഈ മുറിയിൽ മടങ്ങിയെത്തുമ്പോഴാണ്.*

വീണ്ടും, മനസ്സിലായില്ല.

Memory cell-*കളിലെ പ്രത്യേക* address location-*കളിൽ മാത്രമല്ല, ഓർമ്മകൾ ശേഖരിച്ചു സൂക്ഷിയ്ക്കപ്പെടുന്നത്. മറിച്ച് ബാഹ്യമായ ത്രിമാന തലങ്ങളിലും അവ ശേഖരിയ്ക്കപ്പെടുന്നുണ്ടെന്നാണ് ഞാൻ ശഠിയ്ക്കുന്നത്.*

ദൈവമേ, നീ പറഞ്ഞുവരുന്നത്, ഈ കിടക്കയിലും ആ കോറിഡോറിലും പിൻ വാതിലിലും ഒക്കെ നിന്റെ ഓർമകൾ ഒളിഞ്ഞിരിപ്പുണ്ടെന്നോ? – എന്നെ അലക്സിന് ഒറ്റിക്കൊടുക്കാൻ പാകത്തിന്?

*പേടിയ്ക്കേണ്ട, സംവദനം സാധ്യമായാൽ തന്നെ ഒരാൾക്ക് അതെളുപ്പം വേർതിരിച്ചെടുക്കാനായെന്നു വരില്ല.* Something smells in the air *എന്ന യുക്തി തന്നെ അധികം.*

ശരി, സമ്മതിച്ചിരിയ്ക്കുന്നു. അതായത്, നിന്റെ ഓർമകളെ ഞാൻ മുറിച്ചുകൊണ്ടിരിയ്ക്കുന്നിടത്തോളം നീ എന്നെത്തേടിയെത്തിക്കൊണ്ടിരിയ്ക്കുമെന്ന്. –പക്ഷേ, എനിയ്ക്കിതിനെ പ്രണയമെന്നു ചൊല്ലി വിളിയ്ക്കാനാവുന്നില്ലല്ലോ?

Goal!!! But alas, no goalie in the post. You become a mere street preacher while speaking like this. I'm correcting Gibran who said one starts speaking when one could no longer compromise with thoughts.
Telling more accurately, When we start speaking our thoughts are being slain.

It's not for talking that I come to you. In fact, I come back to you every time in search of my broken memories.

Eh?

You always break my memories and thoughts in middle. I get them back when I'm here again in this room.

Again, didn't get it.

Memories are collected and recorded not only in the specific address locations in memory cells. But I strongly believe they are also collected in the external three-dimensional spaces.

God!, you mean, your memories are hidden in this bed and that corridor and the backdoor as witness for Alex?

Don't worry, even if communication becomes effective, one could not easily distinguish it. The logic 'Something smells in the air' is maximum.

Ok, agreed. That means, as long as I'll keep ripping your memories, you'll continue searching for me. - But, I can't name it Love!

*എന്തെങ്കിലും പേരിട്ട് വികാരങ്ങളെ* inventory register-*ൽ ഒതുക്കുന്നതെന്തിന്? അറിവുകളെയെല്ലാം* sample *അനുസരിച്ച് തരംതിരിയ്ക്കേണ്ടി വരുന്നുവെന്നത് നമ്മുടെ പരിമിതിയാണ്. ഏതെങ്കിലും ലക്ഷണത്തിന്റെ പേരിൽ പ്രണയമെന്നു പേർ വിളിയ്ക്കപ്പെട്ടാൽ പിന്നെ, സ്വാഭാവികമായും പ്രണയത്തിന്റെ എല്ലാ നിയമങ്ങളും പാലിയ്ക്കേണ്ടതായി വരുന്നു.*

സ്വയം തട്ടിത്തൂവിക്കളഞ്ഞ പ്രണയത്തിനു പിന്നാലെ പിന്നീട് ഞൊണ്ടിനടന്ന ഒരു കാമുകനുണ്ടായിരുന്നു, എനിയ്ക്ക്...

*ഹാ! ആദ്യപ്രണയത്തെ (അല്ലേ) ഇങ്ങനെ  ഒറ്റ വാചകത്തിലൊതുക്കാൻ കഴിയുന്നത് പ്രായോഗികതയുടെ വിജയമാണ്. പക്ഷേ, പ്രണയസ്മരണ, സ്ത്രീയ്ക്ക് ദുർഗന്ധമായി തോന്നുമ്പോഴും പുരുഷൻ അത് മനസ്സിൽ താലോലിയ്ക്കാനിഷ്ടപ്പെടുന്നു. ചിലപ്പോൾ കാഴ്ചക്കോണിന്റെ വ്യത്യാസമാകാം.*
*സ്ത്രീ ദിവ്യവും വിശുദ്ധവുമായ ഒരു കരാറായി പ്രണയത്തെ പരിഗണിയ്ക്കുമ്പോൾ, പുരുഷന്, അത് അവന്റെ സത്തയുടെ ഒരു അംശം തന്നെയാണ്.*

നീയെന്തിനാണ് പൊതുനിയമങ്ങളുണ്ടാക്കി അതിൽ കടിച്ചുതൂങ്ങുന്നത്?
തലയുടെ പിൻവശം നരച്ചുതുടങ്ങിയ യുവാക്കൾ, തങ്ങളുടെ വിഡ്ഢിത്തങ്ങളെ മന:ശാസ്ത്ര സിദ്ധാന്തങ്ങളെന്നു പരിഗണിയ്ക്കുന്നുവെന്നു ഞാൻ പറഞ്ഞാൽ...

*എനിയ്ക്കു ചിലപ്പോൾ തോന്നിയിട്ടുണ്ട്, സ്നേഹം എന്നത്, നമ്മുടെ ഒരു* illusion *മാത്രമല്ലേ എന്ന്.*
*അത്, സ്വാഭാവികമായ ഒന്നല്ല എന്ന്.*
*ഭൗതികമായി പറഞ്ഞാൽ, എന്തെങ്കിലും ലഭിച്ചതിനു പ്രതിഫലമായി, അല്ലെങ്കിൽ എന്തെങ്കിലും വാങ്ങാൻ വേണ്ടി* (barter *സമ്പ്രദായത്തിൽ) നാം നൽകുന്ന ഒന്നാണ് സ്നേഹം എന്ന്.*
*വാങ്ങാനൊന്നുമില്ല എന്ന് നാം തീരുമാനിയ്ക്കുമ്പോൾ, അല്ലെങ്കിൽ, കബളിപ്പിയ്ക്കപ്പെട്ടു എന്ന തോന്നലുണ്ടാകുമ്പോൾ, അത് സ്വയം ഇല്ലാതാകുന്നു. പിന്നെ* ego *എന്ന ഒരു വികാരം മാത്രമേ ബാക്കിയാവുന്നുള്ളു.*

ഇതോ നിന്റെ സഹസ്രമുഖിയായ പ്രണയം? ഇത് മുഖമില്ലാത്ത ഒന്നാണ്. സ്നേഹത്തെപ്പറ്റി പ്രസംഗിയ്ക്കാനേ നിനക്കറിയൂ. സ്നേഹിയ്ക്കാനറിയില്ല.

Why you insist on naming your feelings and  keeping in inventory register? It's our limitation that we've to classify the realizations according to sample.
If it is named Love because of any known symptom, then naturally it's supposed to obey all the laws of Love.

I had a lover who kept on weeping after the love which he himself had ruined...

Ha!, it's the victory of practicality, to successfully summarise the first love-isn't it?-in a single sentence.
But memory of love, it could be stinking for woman, but man prefers to nurture it in the bottom of his mind.
May be because of the difference in the angle of view. Woman considers Love as a divine and sacred contract. But for man, it's a part of his own existence.

Why do you design common laws and hang on to them?
If I go on saying, some young men whose hair started graying at the back of their head consider their idiocies as psychological theories...?

Sometimes I feel, Love could just be an illusion of ours. That it's not a natural one.

Saying materialistically, it is the price we pay for something we received or for something we would like to buy. - Like in barter system.
At a point where we decide we have nothing to buy, or when we feel we were mistreated, it disappears itself.
What remains is a mere feeling. - which we call ego.

Is this what you called your multi-faced love? This is faceless.
You know only to speak of Love. You don't know how to do it.

*നീയിത്ര കണിശമായി അതു പ്രഖ്യാപിയ്ക്കുമ്പോൾ എനിയ്ക്കെതിർക്കാനാവുന്നില്ലല്ലോ. പക്ഷേ അതെന്റെ സത്യസന്ധതയുടെ നേർക്കുള്ള ആക്രമണമാവുമ്പോൾ ആത്മനിന്ദ തോന്നുന്നു.*
*അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, പ്രണയത്തെപ്പറ്റി പറഞ്ഞുതുടങ്ങിയാൽ അതും പൊള്ളയായിപ്പോകുമോ എന്നു ഭയക്കുന്നുവെന്ന്.*

Get lost with your philosophy
ഒരു വിധത്തിൽ ഞാൻ നിന്നോടു കടപ്പെട്ടിരിയ്ക്കുന്നു. – ശുകസപ്തതിയിലെ തത്തയാണ് നീയെനിയ്ക്ക്.
ഞാനീയിടെ അലക്സിനെ വല്ലാതെ പ്രേമിയ്ക്കാൻ തുടങ്ങിയിരിയ്ക്കുന്നു.
സ്വപ്നങ്ങളിൽ ജാരനും ഭർത്താവും പരസ്പരം മാറുന്നു. ഹാ.
നന്ദി – if it makes any sense

As a matter of fact, *എന്റെ ഒരു വലിയ പ്രശ്നത്തിനു പരിഹാരമായിരിയ്ക്കുന്നു. എന്നെ വളരെ വിഷമിപ്പിച്ചിരുന്ന ഒന്നാണ്, നാം രണ്ടാൾക്കു പൊതുവായ ഏറ്റവും വലിയ സന്തോഷത്തിനു പിന്നിൽ ആരുടെയെങ്കിലും സ്വകാര്യദുരന്തം അനിവാര്യമായിരിയ്ക്കുകയെന്ന വൈചിത്ര്യം.* Thankfully, I see you walking back

ദൈവമേ! ഞാനെന്താണു പറഞ്ഞത്? അതോ നീയോ? ക്ഷമിയ്ക്കൂ, എനിയ്ക്കു തുടരാനായില്ലെങ്കിൽ.
ഈ രാവിന്റെ rhythm ആകെ തകർന്നിരിയ്ക്കുന്നു.

Be cool. *ഞാനോ നീയോ പറഞ്ഞു എന്നതല്ല, പറയപ്പെട്ടിരിയ്ക്ക്ക്കുന്നു എന്നതാണ് വസ്തുത.*
First person-*ന്റെ കുറ്റബോധമോ* second person-*ന്റെ വേവലാതിയോ കൂടാതെ കാര്യങ്ങളെ കാണാൻ ശീലിയ്ക്കൂ.*
*കഥ എന്ന പ്രതലത്തിൽ, സംഭാഷണങ്ങളാകുന്ന രേഖകളുടെ നിഴലുകൾ മാത്രമേയുള്ളു. പാത്രങ്ങൾ ഒരു പരിധി വരെ അയഥാർത്ഥമാണ്. വാക്കുകൾക്ക് ഒരു വെറും നിമിത്തം.* Try the fourth dimension – *നിനക്ക് കഥാപാത്രങ്ങളെ വേർതിരിച്ചെടുക്കാനേ കഴിയില്ല. അവർ ഓരോ നിമിഷവും മാറിക്കൊണ്ടേയിരിയ്ക്കുന്നു. മരിയ്ക്കുന്നതുവരെ...*

How could I argue when you declare it with such confidence?

But, as it's an attack on my sincerity, I feel ashamed. That's why I refused to speak on Love thinking it too might become hollow.

Get lost with your philosophy. In a way, I'm grateful to you.
You're to me like the parrot in SHUKASAPTATI.
Now I started loving Alex more than ever. Lover and husband change places in my dreams. Ha!
Thanks - if it makes any sense.

As a matter of fact, one of my major problems is solved. This strangeness troubled me a lot that our happiest moment inevitably demands someone's private tragedy behind it.
Thankfully, I see you walking back.

God! What I just said? Or was it you? Forgive me, if I can't go on. We've broken the rhythm of this night.

Be cool, It doesn't matter who said it. Fact is, it's been said.
Try to face things without the guilty conscience of the First person or the anxiety of the Second person.

In the plane of Story, There are only shadows of the lines called Dialogues. Characters are unreal to an extent. Just as the Cause for words. Try the fourth dimension.-You won't be able to distiguish the characters. They change at every moment. Till they cease to live.

നിൻെറ ചിന്തകൾ എൻെറ പൂർവകാമുകൻെറ ഓർമയുണർത്തുന്നു. ഒരിയ്ക്കൽ എൻ എസ് മാധവൻെറ പിൻബലത്തിൽ അയാളെനിയ്ക്കെഴുതി – കാലത്തെ ഒരു തടാകമായി കാണുന്നതുകൊണ്ടാണ്, അയാളെന്നെ എൻെറ പാട്ടിനു വിടാത്തതെന്ന്.

*മാധവൻെറ പ്രഖ്യാപനം എന്നെയും വളരെ സ്വാധീനിച്ചിരുന്നു.* events *സത്യമാണെങ്കിൽ അവ പിന്നീട് ഇല്ലാതാകുകയെന്നത് കലാപരമായ ചതിയാണ്. –* provided, truth is eternal. *ലോകം മുഴുവൻ സൃഷ്ടിച്ച കലാകാരന് അത്തരത്തിലൊരു കലാപരമായ ചതി കാണിയ്ക്കാൻ കഴിയുമെന്നു വിശ്വസിയ്ക്കാൻ ഒരു വിഡ്ഢിയായ റിയലിസ്റ്റിനേ കഴിയൂ.*

Come on, അവിടെ, നിൻെറ ആ തടാകക്കരയിൽ ആരൊക്കെയുണ്ട്?

*എല്ലാവരും, എല്ലാം, എപ്പോഴും അവിടെയുണ്ട്. കാഴ്ചയുടെ തിരഞ്ഞെടുക്കലാണ് പ്രധാനം. പിന്നെ മാനസികനിലയും.* say, *സ്നേഹിച്ച പെണ്ണിൻെറ വിവാഹരാത്രിയിൽ ഞാനവളുമൊത്ത് ടൗൺഹാളിൽ രണ്ടുവർഷം മുൻപു നടന്ന നളചരിതം നാലാം ദിവസം കഥ കണ്ടുകൊണ്ടിരിയ്ക്കുകയായിരുന്നു എന്നു പറഞ്ഞുവരുമ്പോൾ, പറയൂ, ആ തടാകം നിന്നെ ചിരിപ്പിയ്ക്കുന്നുവോ?*

തീർച്ചയായും, – എനിയ്ക്കവിടെ ഓർമകളല്ല, ഫാൻറസിയാണു മുഖ്യം. അതാണെപ്പോഴും എന്നെ ജീവിപ്പിച്ചുനിർത്തിയിട്ടുള്ളത്. ഒരു വിവാഹിതയ്ക്ക് fantasy കൂടിയേ കഴിയൂ. അതില്ലാതെ എങ്ങനെയാണ് ഒരു കുടവയറിനെയും വിയർപ്പുമണത്തെയും മുഷിഞ്ഞ വൈകുന്നേരങ്ങളെയും ഒക്കെ പ്രണയിക്കാൻ കഴിയുക? പറയൂ, നിൻെറ ഫാൻറസികളിലും ഒരു പെണ്ണുണ്ടോ?

*തീർച്ചയായും, പക്ഷേ അവൾ നിന്നെപ്പോലെയല്ല, അവൾ, ഒരു കാറ്റിനൊപ്പം സഞ്ചരിയ്ക്കുന്നവൾ. അവളുടെ നീലക്കണ്ണുകളിൽ ധാർഷ്ട്യം തുടിയ്ക്കുന്നു.*

*...there she goes, with a wind in her hair*
*and a smile on her face...*
*...*
*but she'll never be mine*
(chris rea - there she goes - album: god's great banana skin)

Your thoughts make me remember my ex-lover. Once he wrote to me - with the support of N.S.Madhavan, that he's not leaving me alone because he consider time as a lake.

Madhavan's declaration influenced me also. If events are true, then their vanishing is an artistical deceit.- Provided, truth is eternal. Only a stupid realist could believe that a great artist who created the whole world could do such an artistical treachery.

Come on, Who are there alongshore? - I mean your lake.

All of them, all those things, all the time are present there. Selective viewing is only important. Plus, your state of mind.

Say, if I tell you that, on the wedding night of the girl I loved, I was watching NALACHARITHAM NAALAAM DIVASAM Kathakali with her in the town hall which took place before two years, tell me, does that lake make you laugh?

Of course.-I count on fantasies, not memories. That's what enlivened me through my life. A married woman must need fantasy. Otherwise, how one could love a big belly, bad odour and dirty evenings?

Let it be, do you also have a girl in your fantasies?

Surely. But she's not like you. She walks with the wind. Pride dwells in her bluish eyes.
"...there she goes,
with a wind in her head
and a smile on her face...
...
but she'll never be mine"
(chris rea - there she goes - album: god's great banana skin)

damn it. സ്വന്തം സ്വപ്നങ്ങളിലും നിന്റെ അപകർഷതാബോധം നിനക്കു കൂട്ടുവരുന്നല്ലോ.

It does make difference when I realise it. താരതമ്യത്തിനു മുതിരുന്നില്ലെങ്കിൽ അപകർഷതാബോധത്തിനെന്തു പ്രസക്തി? മറിച്ചു ചിന്തിച്ചുനോക്കൂ, അപകർഷനായിരുന്നിട്ടും ആ ബോധമുണ്ടാവാത്തവനെക്കാളും എത്രയോ സ്വീകാര്യനാണ് അതുള്ളവൻ!

പക്ഷെ, നിനക്കു നിഷേധിയ്ക്കാൻ പറ്റുമോ നിന്റെ ആദ്യപ്രണയം തകർത്തത് ഈ 'ഗുണ'മായിരുന്നുവെന്നത്?

നിനക്കിത്രയെളുപ്പം അതു വിളിച്ചുപറയാൻ കഴിഞ്ഞു! എനിയ്ക്കിപ്പോഴും എന്റെ ആദ്യപ്രേമത്തെ ഒരു statement-ലൊതുക്കാൻ കഴിഞ്ഞിട്ടില്ല. ഒരു പക്ഷെ, മനസ്സിലെന്നോ മരിച്ച othello- വിന്റെ പ്രേതമായിരുന്നു അത്...

തകർന്ന പ്രണയത്തിന് ന്യായീകരണങ്ങൾ അനാവശ്യമാണ്. കാരണം, ന്യായീകരണങ്ങൾ എപ്പൊഴും മൂന്നാമനെ ബോദ്ധ്യപ്പെടുത്താനുള്ളവയാണ്. As for love, അത് ഒരിയ്ക്കലും ഒരു മൂന്നാമന് വാതിലാകുന്നില്ല.

എന്തോ, എനിയ്ക്കറിയില്ല. പക്ഷെ, അതെന്റെ വ്യക്തിത്വത്തെ ആകെ മാറ്റിമറിച്ചു. പതുക്കെ, എനിയ്ക്കു മനസ്സിലാകാൻ തുടങ്ങി, ഞാൻ വളരെ flexible ആയിരിയ്ക്കുന്നുവെന്ന്. ആരോടും പൊരുത്തപ്പെടാൻ കഴിയുമെന്ന അവസ്ഥ. നെഗറ്റീവ് ആയി പറഞ്ഞാൽ, ആരോടും ആത്മാർത്ഥതയില്ലാത്ത അവസ്ഥ. ഞാൻ ഒരു പുതിയ കണ്ടുപിടിത്തവും നടത്തി. – ആദ്യപ്രണയത്തിന്റെ നഷ്ടം ഒരുവനെ കൂടുതൽ പ്രാക്ടിയ്ക്കൽ ആക്കുന്നു എന്ന്. അതുകൊണ്ട് വിവാഹതീരുമാനം ഞാൻ മാതാപിതാക്കൾക്കു വിട്ടുകൊടുത്തു – കാരണം, അവർക്ക് തെരഞ്ഞെടുക്കലിന്റെ ആവശ്യം ഏറെയായിരുന്നു. – എനിയ്ക്കില്ലാത്തത്. ഇതാണ്, to me, ആത്മാർത്ഥതയില്ലായ്മയുടെ merit. ഒരാളോടുള്ള intimacy എന്നു പറയുമ്പോൾ അതർത്ഥമാക്കുന്നത് സങ്കുചിത മനസ്ഥിതിയാണ്. – എല്ലാവരോടും പൊരുത്തപ്പെടാൻ പറ്റാത്ത അവസ്ഥ.

Damn it. Your inferiority complex won't leave you even in your dreams?

It does make difference if I realise it. Where's inferiority complex if there's no attempt for comparison? Think otherwise. The one who's aware of his inferiority is far more acceptable than the one who's not aware of it.

But, can you deny this 'virtue' was responsible for the failure of your first love?

How easily you announced it! I still struggle to summarise my first love in a statement. It was perhaps the ghost of Othello, once died in my mind...

Justifications are useless for failed loves. Because, justifications are always intended for the third person.
As for Love, it never opens its doors to a third person.

Anyhow, I don't know. But it altered my personality completely. Lately, it was clear that I became very flexible. That I could mingle with anyone.
Negatively speaking, a state of mind having no intimacy with anyone.
I made a new discovery - loss of first love helps one become more practical. So I left the decision of my marriage to my parents. - Because, they were much more concerned about choice. - which I was not.

This is, to me, the merit of having no intimacy. Intimate to a particular person means narrowmindedness. - being unable to mingle with others.

How can you speak so immaterial and yet be in bed with a married woman?
അതോ, ആപാദചൂഡം നീയൊരു ജാഡയാണെന്നു വരുമോ?

*പരസ്ത്രീയുടെ കിടപ്പറയിൽ ഗീതയോതുന്നതിൻെറ* logic *എന്നെ കുഴക്കുന്നു.* It may rather underline your doubts. *പക്ഷേ, എന്നെ വിശ്വസിയ്ക്കൂ. കൃഷ്ണൻെറ കൗമാരവും ഗീതയും ഒരുമിച്ചുൾക്കൊള്ളാൻ നിനക്കാവുമെങ്കിൽ ജീവിതത്തെക്കുറിച്ച് സംശയങ്ങളൊന്നും ബാക്കിയുണ്ടാവില്ല.*

നിന്നെ പരിഹസിയ്ക്കാൻ ശ്രമിച്ച് ഞാൻ സ്വയം പരിഹാസ്യയാവുന്നല്ലോ. ക്ഷമിയ്ക്കൂ, ഒരുപക്ഷേ, എൻെറ പാപബോധമാവാം എന്നെയിത്ര തരംതാഴ്ത്തുന്നത്.

*പാപം എപ്പൊഴും ആപേക്ഷികമാണ്. മൃഗത്തിന് പാപമല്ലാത്ത അവിഹിതബന്ധം മനുഷ്യന് പാപമാകുന്നത്, നമ്മുടെ* society *ഉണ്ടാക്കുന്ന വ്യത്യാസമാണ്. സമൂഹം മനുഷ്യൻെറ ഉൽപന്നമാണെങ്കിലും അതിൻെറ നിയമങ്ങൾ വലർന്നു വലുതായി നമ്മെ അതിൻെറ അടിമകളാക്കുന്നു.*

അലക്സും മറ്റൊന്നല്ല പറയാറ്. പക്ഷേ നിനക്കു തോന്നുന്നുണ്ടോ നിന്നെ അവനു ദഹിയ്ക്കുമെന്ന്?

*ഇല്ല, പക്ഷേ അതയാളുടെ കുറ്റമല്ല. യുക്തി മനുഷ്യനെ എത്ര വലുതാക്കിയാലും, ആത്യന്തികമായി അവൻ ഒരു സമൂഹജീവിയാണ്. പരോപജീവിയായേക്കാവുന്ന ഒരു നാളെയിലെ സുരക്ഷയ്ക്കായി അവന് അതിൻെറ ചട്ടക്കൂട്ടിൽ സ്വയം പ്രതിഷ്ഠിയ്ക്കേണ്ടി വരുന്നു. അതിൻെറ നിയമങ്ങൾ പാലിയ്ക്കേണ്ടി വരുന്നു.*

നീ എല്ലാ കാര്യങ്ങളെയും barter രീതിയിലാണ് കാണുന്നത്. അതേ സമയം 'മാ ഫലേഷു'വിലെ logic സ്വീകരിയ്ക്കുകയും ചെയ്യുന്നു. പക്ഷേ, എനിയ്ക്കു മറുപടി തരൂ. – societyയെ അംഗീകരിയ്ക്കുന്ന സ്ഥിതിയ്ക്ക്, നീ അതിൽനിന്ന് എന്തു ശിക്ഷയാണ് പ്രതീക്ഷിയ്ക്കുന്നത്?

How can you speak so immaterial and yet to be in bed with a married woman?
Or, is it that you are a total fraudster? - from top to bottom!

The logic of reciting Gita in the bedroom of someone else's wife is confusing me. It may rather underline your doubts. But, believe me, you'll have no more doubts about life, if you would match Krishna's teenage with Gita.

How I tried to insult you and insulted myself!
Pardon me. May be it's my guilty conscience, that is disgracing me this much.

Sin is always relative. It's our society which makes the difference that illicit relation becomes taboo for human whereas for animals it's not.
Even though the society is our product, its laws grow taller and make us its slaves.

Alex also has the same say. But do you think he could digest you?

No, it's not his fault. Logic makes a man stronger, but after all he's a society animal. He has to fit himself in its framework for the safety of a bad tomorrow where there's a chance he might become a parasite. He's bound to obey its laws.

You approach everything in barter system. At the same time you adopt the logic of 'ma phaleshu'. - as far as you accept society, what type of punishment you expect from it?

*സമൂഹത്തിൻെറ ശിക്ഷാനിയമങ്ങൾ, ഇരയെ ശുദ്ധീകരിയ്ക്കാനല്ല, കാണിയ്ക്ക് പാഠമാവാനാണ് ഉപയോഗിയ്ക്കുന്നത്. ആ നിലയ്ക്ക്, നമുക്ക് പ്രതീക്ഷിയ്ക്കാവുന്ന ന്യായമായ* - I mean - *സാധ്യമായ ശിക്ഷ നിഷ്കാസനമാണ്. ഇതുവരെ കെട്ടിപ്പടുത്തുകൊണ്ടുവന്ന ബന്ധങ്ങളെല്ലാം അതോടെ തകർന്ന്...*

’ഇര‘ എന്നാണ് നീ പറഞ്ഞത്. അത് അഹന്തയെന്നോ നിഷേധമെന്നോ ഞാൻ കരുതേണ്ടത്?

Truly speaking, *ശിക്ഷ, കുറ്റത്തിനല്ല, അതിൻെറ പേരിൽ പിടിയ്ക്കപ്പെടുന്നതിനാണ്. എല്ലാം മനസ്സിലായി എന്നു ശഠിയ്ക്കുമ്പോഴും എന്നെ സന്ദേഹിപ്പിയ്ക്കുന്ന ഒന്നുണ്ട് – തെറ്റിനെയും ശരിയെയും ഒന്നുപോലെ ഉൾക്കൊള്ളുന്ന ആ വലിയ ശക്തിയുടെ താഴെ, മനുഷ്യൻെറ പാപങ്ങളുടെ കണക്കു സൂക്ഷിയ്ക്കുന്ന അസന്തുഷ്ടനായ ഒരു ദൈവമുണ്ടോ എന്ന്. എനിയ്ക്കു നേരേ നീളുന്ന ഒരു ചൂണ്ടുവിരൽ എൻെറ സ്വപ്നങ്ങളിൽ കടന്നുവരാറുണ്ട്.*

നിനക്കതിനു കണക്കുപറയേണ്ടിവരുകയാണെങ്കിൽ എന്താവും നിൻെറ പ്രതികരണം– on judgement day?

*എൻെറ കണ്ണിൽ ഒരു ചിരിയുണ്ടാവും. – തികച്ചും നിഷ്കളങ്കമായ ഒന്ന്. അതിനെ ആ ദൈവം എങ്ങനെയാവും നേരിടുക?*

[പുറത്തു നിന്ന് കടന്നെത്തിയ ഒരു കാറ്റ് തുറന്നുകിടന്ന ജാലകത്തിലൂടെ അയാളെ വലിച്ചെടുത്തുകൊണ്ടുപോയി. കണ്ണടച്ച് സ്തോത്രം ചൊല്ലി മേരി ഉറങ്ങാൻ കിടന്നു. പുലർച്ചെ, കുർബാന കൈക്കൊള്ളാനിറങ്ങുമ്പോൾ ആറാം നിലയിൽ നിന്നു ചാടിമരിച്ച രാമനാഥൻെറ ശവത്തിനു ചുറ്റും apartment- ലെ മുഴുവനാളുകളും തടിച്ചുകൂടിയിരുന്നു. തിരിഞ്ഞുനിന്ന് കുരിശുവരച്ചിട്ട് മേരി പള്ളിയിലേയ്ക്കു നടന്നുപോയി. അന്ന് അവൾക്ക് കുമ്പസാരിയ്ക്കാനൊന്നുമില്ലായിരുന്നു]

http://vaishnavam.com/prathalam.pdf (Malayalam)
http://vaishnavam.com/mystory.pdf (both versions)

Society uses its judiciary not to refine its prey, but as a lesson for the spectator. Then the most justified - I mean the most possible - punishment is exile. All those relations you had built through your life topple down and...

Hold it. you said 'Prey'. Is it your pride? or rejection?

Truly speaking, punishment is not for crime, it's for being caught red-handed.
Even when I insist I know everything, I suspect one thing. - Beneath that ultimate power which never discriminates between good and evil, is there an unsatisfied god who keeps account of our sins. I often see a finger pointing at me in dreams.

How you will react, if you want to pay for it- on judgement day?

There will be a smile in my eyes. Purely innocent one. How he will face it?

[A wind came in through the open window and took him away. Mary closed her eyes, chanted a hymn and fell asleep.
In the morning, while going for the Sunday Mass, she found people gathered around the body of Ramanathan who committed suicide jumping from the sixth floor. Turned back and signed a cross on her forehead, she left for church.

She had nothing to confess on that day.]

http://vaishnavam.com/planes.pdf (English)
http://vaishnavam.com/mystory.pdf (both versions)